## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3026** — **07.11.2019-ൽ** മറുപടിക്ക്

### ചങ്കുവെട്ടി മുതൽ കറ്റിപ്പുറം വരെയുള്ള ദേശീയപാത നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ദേശീയപാതയിൽ കോട്ടയ്ക്കൽ ചങ്കുവെട്ടി മുതൽ കറ്റിപ്പുറം വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br>(ബി) ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ദേശീയപാത വിഭാഗം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>2019-20 സാമ്പത്തിക വർഷം ദേശീയപാതകളുടെ അറ്റകുറ്റപ്പണിക്കായി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം പീരിയോഡിക്കൽ റിന്യൂവൽ പദ്ധതിയിൽ (റീ സർഫസിംഗ്) ഉൾപ്പെടുത്തി 11 പ്രവൃത്തികൾക്ക് 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ദേശീയപാത 66-ൽ ചങ്കുവടി മുതൽ കറ്റിപ്പുറം വരെയുള്ള ഭാഗത്തിന് റീസർഫസിംഗ് ചെയ്യുന്ന പ്രവൃത്തി, അനുമതി ലഭിച്ച 11 പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. |
| (സി) പ്രസ്തുത പ്രൊപ്പോസലിൽ വളാഞ്ചേരി ജംഗ്ഷനിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി ഏതെങ്കിലും പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) പ്രസ്തുത പ്രൊപ്പോസൽ റീസർഫസിംഗ് പ്രവൃത്തിയാണ്. ആയതിൽ വളാഞ്ചേരി ജംഗ്ഷൻ പുനരുദ്ധാരണ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. |
| (ഡി) വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണത്തിന് മുൻ ബജറ്റ് പ്രസംഗത്തിൽ പത്ത്കോടി രൂപ അനുവദിക്കുമെന്ന പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പൊതു മരാമത്ത് ദേശീയപാത വിഭാഗം പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 10 കോടി രൂപയുടെ വളാഞ്ചേരി റിംഗ് റോഡ് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ വളാഞ്ചേരി റിംഗ് റോഡ് 10 കോടി രൂപ 2016-17 ൽ Principal Sanction നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാത 66 വളാഞ്ചേരി - അങ്ങാടിപ്പുറം റോഡിനെ ബന്ധിപ്പിക്കുന്ന "Meenpara - Vaikathore road to NH 66", Valancheri - Thiruvagappuram road -നെ ബന്ധിപ്പിക്കുന്ന മൂച്ചിക്കൽ കരിങ്ങലത്താണി റോഡ്" കിഫ്ബി ഫണ്ട് മുഖാന്തിരം നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ജനസാന്ദ്രതയുള്ള സ്ഥലം ആയതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ "Project Not Feasible" ആയതിനാൽ ഡി.പി.ആർ സമർപ്പിച്ചിട്ടില്ല എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ